പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1813 14/08/2017 ൽ മറുപടിയ്ക്ക്

## വിജിലൻസിനെ ശക്തിപ്പെടുത്തി അഴിമതി അവസാനിപ്പിക്കുന്നതിന് നടപടി

| | ചോദ്യം<br>ഡോ.എം.കെ.മുനീർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തെ അഴിമതി വിമുക്തമാക്കും,അഴിമതിക്ക് അന്ത്യം കുറിച്ച് സദ്ഭരണം ഉറപ്പാക്കും തുടങ്ങിയ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ അധികാരമേറ്റാലുടൻ ഒരു കലണ്ടർ തയ്യാറാക്കുമെന്നും വിജിലൻസിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുമെന്നും ഉള്ള വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടുണ്ടോ;ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | വിജിലൻസ് അന്വേഷണവും പ്രോസിക്യൂഷൻ നടപടികളെയും കുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്;വിശദാംശം വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 16.12.2016 ലെ സ.ഉ(സാധാ) നം.34/2016/വിജി പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 24 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം യൂണിറ്റ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി മലപ്പുറം ഓഫീസിന് 190 ലക്ഷത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും കണ്ണൂർ ഓഫീസിന്റെ നിർമ്മാണത്തിന് 202 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 2017-18 സാമ്പത്തിക വർഷം ഡയറക്ടറേറ്റിലും എറണാകുളം യൂണിറ്റിലും അഡീഷണൽ കൺസ്ട്രക്ഷനും ഇടുക്കി യൂണിറ്റിന് കെട്ടിട നിർമ്മാണത്തിനുമായി 3 കോടി രൂപ അനുവദിക്കുകയും ആയതിന് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ അന്വേഷണ സംവിധാനങ്ങൾക്കായി സി-ഡാക്കിൽ നിന്നും ഒരു പോർട്ടബിൾ ഫോറൻസിക് ടൂൾ കിററ് 30 32GB ഒ.റ്റി.ജി പെൻഡ്രൈവുകളും വാങ്ങിയിട്ടുണ്ട്. അതോടൊപ്പം നവീകരണ ഫണ്ടിൽ നിന്ന് 40 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, 20 പ്രിന്റർ, 40 യു.പി.എസ്, 53 ലാപ് ടോപ്പ്, 29 ഹാൻഡികൃാം എന്നിവ വാങ്ങിയിട്ടുണ്ട്. |
| (സി) | ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന അന്വേഷണ ഏജൻസിയായ സിബിഐയിലെയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിലെയും അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും താരതമ്യം ചെയ്യുള്ള പഠന റിപ്പോർട്ടുകളോ ആയത് സംബന്ധമായ മറ്റ് വിശദാംശങ്ങളോ ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പോ വിശദാംശങ്ങളോ ലഭ്യമാക്കുമോ? | (സി) | ലഭ്യമല്ല. |

Rashmi T

സെക്ഷൻ ഓഫീസർ